DESPATCHED
On...27/06/2020
17.3.20.

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2670*(2)/2015*/***എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.19483/എസ്.ഐ.സി-ജി 6/15

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.ആർ. സുനിൽ , കറസ്പോണ്ടന്റ്
മാധ്യമം ദിനപത്രം, ഗാന്ധാരി അമ്മൻ റോഡ്
തിരുവനന്തപുരം
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ആന്റ്
   ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ(അഡ്മിനിസ്ട്രേഷൻ)
   ഓഫീസ് ഓഫ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്
   ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്
   തിരുവനന്തപുരം
2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ആന്റ്
   അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
   ഓഫീസ് ഓഫ് ദ അഡീഷണൽ പ്രിൻസിപ്പൽ
   ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
   ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്
   തിരുവനന്തപുരം
3. അപ്പീൽ അധികാരി
   ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്
   തിരുവനന്തപുരം-14

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.10.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.01.2016,16.12.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 16.11.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 30.12.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 31.12.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.01.2016 |

| | |
|---|---|
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 19.01.2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.01.2020, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അവിടെ നിന്നും മറുപടി ലഭിച്ചില്ലെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 12.10.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 2015 സെപ്റ്റംബർ 15 ലോ നമ്പർ HoFF/52520/2015 ഉത്തരവിൽ റെഫറൻസായി ചൂണ്ടിക്കാണിച്ചിരിക്കുന്ന Lr.No.HoFF/52520/2015 dated 07.09.2015, Lr.No.PCM-7586/2015 dated 24.03.2015, Lr.No.PCM-7586/2015 dated 15.07.2015 എന്നീ ഫയലുകളുടെ കോപ്പി നൽകണമെന്നാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ 27.11.2015ന് മറുപടി നൽകുകയും ആയതിൽ ടി അപേക്ഷ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്/ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(എഫ്.എം.ഐ.എസ്) എന്നിവർക്ക് കൈമാറി നൽകിയിട്ടുണ്ടെന്നും 08.01.2016 ൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ടി ഓഫീസിൽ ലഭ്യമായ വിവരം ലഭ്യമാക്കുന്നതിന് പേജ് 1 ന് 2 രൂപ നിരക്കിൽ 2 പേജിന് 4 രൂപ ചെല്ലാൻ അടച്ച് രസീത് ഹാജരാക്കണമെന്നും, രണ്ടാം എതിർകക്ഷി 16.12.2015 ൽ നൽകിയ മറുപടിയിൽ PCM-7586/2015 നമ്പർ ഫയൽ ഓഫീസിൽ ലഭ്യമല്ലെന്നും PCM-7586/2012 എന്ന ഫയൽ നമ്പറിൽ 24.03.2015, 15.07.2015 എന്നീ തീയതികളിലെ കത്ത് ലഭ്യമാണെന്നും പകർപ്പിനായി പേജ് 1 ന് 2 രൂപ നിരക്കിൽ 2 പേജിന് 4 രൂപ ചെല്ലാൻ അടച്ച് രസീത് ഹാജരാക്കണമെന്നാണ്. ടി അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്ന് കാണിച്ച് 16.11.2015 ന് ഹർജിക്കാരൻ അപ്പീൽ നൽകുകയും ചെയ്തു.

4. 19.01.2016 ന് അപ്പീൽ അധികാരി സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷ ടി ഓഫീസിലെ ഭരണവിഭാഗവുമായി ബന്ധപ്പെട്ടതല്ലാത്തതിനാൽ മറുപടി ലഭ്യമാക്കാനായി ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് കൈമാറി നൽകിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് യാതോരു അപ്പീലും ടി ഓഫീസിൽ ലഭിച്ചില്ലെന്നും ആയതിനാൽ ടി അപേക്ഷയിന്മേൽ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ കൈമാറി നൽകിയ വകുപ്പ് അപ്പീൽ അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ്. 25.01.2020-ൽ ഒന്നാം എതിർകക്ഷി നൽകിയ റിപ്പോർട്ടിൽ പകർപ്പ് ഫീസ് അടച്ച് രസീത് ഹാജരാക്കാൻ പറഞ്ഞതിൽ അപേക്ഷകൻ മറുപടി നൽകാത്തതിനാലാണ് പകർപ്പ് നൽകാത്തതെന്ന് കമ്മീഷന് റിപ്പോർട്ട് നൽകിയതിന്റെ പകർപ്പ് അപേക്ഷകന് നൽകുകയും, തുടർന്ന് അപേക്ഷകൻ ചെല്ലാൻ ഹാജരാക്കുകയും ടിയാൻ ആവശ്യപ്പെട്ട ലഭ്യമായ രേഖകൾ നൽകിയിട്ടുണ്ടെന്നുമാണ്. രണ്ടാം എതിർകക്ഷി നൽകിയ റിപ്പോർട്ടിൽ ഹർജിക്കാരൻ ചെല്ലാൻ ഹാജരാക്കിയ മുറയ്ക്ക് കത്തിന്റെ പകർപ്പ് നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയ്ക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്നും മറുപടി നൽകിയതായി കാണുന്നതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

res

RIGHT TO INFORMATION